LIBRARY ARCHIVES Kerala Legislative Assembly

മുതലപ്പൊഴി മത്സ്യബന്ധന തുറമുഖ നിർമ്മാണശേഷം ഹാർബറിന്റെ വടക്കു ഭാഗത്ത് തീരം നഷ്ടപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അഞ്ചുതെങ്ങ് തീരപ്രദേശം മുഴുവനും കടലിന്റെ അടിത്തട്ടിലമരാനുള്ള സാധ്യത വിദൂരമല്ലെന്ന ശാസ്ത്രീയ പഠന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് ഗൗരവമായി കാണുന്നുണ്ടോ?

അഞ്ചുതെങ്ങ് തീരപ്രദേശത്ത് കടലാക്രമണംമൂലം തീരം നഷ്ടപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തീരം സംരക്ഷിക്കുന്നത് സംബന്ധിച്ച നടപടികൾ കൈക്കൊള്ളേണ്ടത് ഇറിഗേഷൻ വകുപ്പാണ്.

(സി) മുതലപ്പൊഴി ഹാർബറിന്റെ നിർമ്മാണത്തിലെ അശാസ്ത്രീയത കാരണം അഴിമുഖത്ത് കടലിൽനിന്നും കരയിലേക്ക് തിരയടിക്കുന്ന സമയങ്ങളിൽ ചുഴികൾ രൂപപ്പെടുന്നതും ഈ ചുഴികളിൽപ്പെട്ട് മത്സ്യബന്ധന ബോട്ടുകൾ അപകടത്തിൽപ്പെടുന്ന സംഭവങ്ങളും പതിവായ സാഹചര്യത്തിൽ ഇത് പരിഹരിക്കാൻ അടിയന്തര ഇടപെടൽ നടത്തുമോ?

മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിന്റെ അഴിമുഖത്ത് മണ്ണടിയുന്നത് മൂലം ബോട്ടുകൾ അപൂർവ്വമായി അപകടത്തിൽപ്പെടുന്നുണ്ട്. അഴിമുഖത്ത് മണ്ണടിയുന്നതു കൊണ്ടുണ്ടാകുന്ന തിരയിളക്കം മൂലമുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് റിപ്പോർട്ട് തയ്യാറാക്കുവാൻ NIOT, ചെന്നൈ മുതലപ്പെടുത്തിയിട്ടുണ്ട്. ഹാർബറിലെ മൗത്തിലേയും ചാനലിലേയും ആഴം കൂട്ടുന്നതിന് M/s. അദാനി, വിഴിഞ്ഞം പോർട്ടിനെ മുതലപ്പെടുത്തുകയും ഹാർബറിന് തെക്ക് ഭാഗത്ത് അടിഞ്ഞുകൂടിയ മണ്ണ് സാന്റ് ബൈപാസിംഗ് നടത്തി വടക്കു ഭാഗത്ത് നിക്ഷേപിക്കുന്നതിന് EIA Study നടത്തുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.

**വള്ളിക്കുന്ന് മണ്ഡലത്തിലെ ഹാർബർ റോഡുകളുടെ നവീകരണം**

351(1097) ശ്രീ. പി. അബ്ദുൽ ഹമീദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട തീരദേശ റോഡുകൾ പുനരുദ്ധരിക്കാൻ നടപടികൾ സ്വീകരിക്കുമോ;

(ബി) പ്രസ്തുത റോഡുകളുടെ നവീകരണവുമായി ബന്ധപ്പെട്ട് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തയ്യാറാക്കിയ ഡി.പി.ആർ. സംബന്ധിച്ച വിവരം ലഭ്യമാക്കാമോ;

(സി) നടപ്പ് സാമ്പത്തിക വർഷത്തിനുള്ളിൽ നിലവിൽ സഞ്ചാരയോഗ്യമല്ലാത്ത റോഡുകൾ മുഴുവൻ നവീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

(എ-സി) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ റോഡുകളുടെ നവീകരണത്തിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തയ്യാറാക്കി സമർപ്പിച്ച നിർദ്ദേശങ്ങൾ പരിശോധിച്ച് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**മുല്ലശ്ശേരി പഞ്ചായത്തിലെ കുമ്പള്ളി ബണ്ട് റോഡ് നിർമ്മാണം**

352(1098) ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി പഞ്ചായത്തിലെ കുമ്പള്ളി ബണ്ട് റോഡ് നിർമ്മാണത്തിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ഏത് വർഷമാണ് തുക അനുവദിച്ചത്?

മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി പഞ്ചായത്തിലെ കുമ്പള്ളി ബണ്ട് റോഡ് നിർമ്മാണ പ്രവൃത്തിക്കായി 4-9-2018-ൽ 51.30 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി.

(ബി) പ്രസ്തുത പ്രവൃത്തിയുടെ അടങ്കൽ തുക എത്രയാണെന്നും പ്രവൃത്തിയുടെ കരാർ വച്ചതെന്നാണെന്നും കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ടതെന്നാ ണെന്നും വ്യക്തമാക്കുമോ?

പ്രസ്തുത പ്രവൃത്തിയുടെ അടങ്കൽ തുക 50.80 ലക്ഷം രൂപയാണ്. പ്രവൃത്തിയുടെ കരാർ തീയതി 15-11-2019-ഉം കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി 22-3-2020-ഉം ആണ്.

(സി) പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടോ ; വിശദാംശം നൽകാമോ?

ഭരണാനുമതി പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ റോഡ് നിർമ്മാണത്തിന്റെ അവസാനഘട്ടത്തിൽ മുമ്പ് നിലവിലുണ്ടായിരുന്ന ബണ്ട് പൊളിഞ്ഞതുകാരണം റോഡ് സഞ്ചാരയോഗ്യമാക്കാൻ കഴിഞ്ഞില്ല. ഇവ പരിഹരിക്കുന്നതിന് സമർപ്പിച്ച നിർദ്ദേശം പരിശോധിച്ച് വരുന്നു.

**തോട്ടപ്പള്ളി ഫിഷറീസ് ഹാർബർ വികസനം**

353(1099) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടപ്പള്ളി ഫിഷറീസ് ഹാർബർ 2011-ൽ കമ്മീഷൻ ചെയ്തെങ്കിലും ഹാർബറിന്റെ പൂർണ്ണതോതിലുള്ള പ്രവർത്തനം ഇതേവരെ ആരംഭിച്ചിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly